2024
MARCH
28
THUR SDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേജ്‌രിവാളിന്റെ അറസ്റ്റിൽ പ്രതികരിച്ചതിന് യുഎസിനോട് അതൃപ്തി അറിയിച്ച് ഇന്ത്യ



**ന്യൂഡൽഹി:** ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് യുഎസ് നടത്തിയ പരാമർശത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി ഇന്ത്യ. യുഎസ് ആക്ടിങ് ഡപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഗ്ലോറിയ ബെർബേനയെ വിളിച്ചുവരുത്തി വിദേശകാര്യമന്ത്രാലയ പ്രതിനിധികൾ 40 മിനിറ്റോളം ചർച്ച നടത്തി. അനാരോഗ്യകരമായ പ്രവണതയാണിതെന്ന് വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. മറ്റു രാജ്യങ്ങളുടെ പരമാധികാരവും ആഭ്യന്തരവിഷയങ്ങളും ബഹുമാനിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ അത് അനാരോഗ്യകരമായ പ്രവണതകൾക്കു വഴിവയ്ക്കുമെന്നും വിദേശകാരമന്ത്രാലയ വക്താവ് അറിയിച്ചു.

കേജ്‌രിവാളിന്റെ അറസ്റ്റ് സംബന്ധിച്ച വാർത്തകൾ നിരീക്ഷിക്കുകയാണെന്നും നീതിപൂർണവും സുതാര്യവും സമയബന്ധിതവുമായ നിയമ നടപടികൾ അരവിന്ദ് കേജ്‌രിവാളിനു ലഭിക്കുമെന്നാണു കരുതുന്നതെന്നും യുഎസ് സ്റ്റേറ്റ് ഡിപ്പാർട്മെന്റ് പ്രതികരിച്ചിരുന്നു. വാർത്താ ഏജൻസിയായ റോയിട്ടേഴ്സിനോടാണു സ്റ്റേറ്റ് ഡിപ്പാർട്മെന്റ് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

കേജ്‌രിവാളിന്റെ അറസ്റ്റ് വിഷയത്തിൽ നേരത്തെ ജർമനിയും പ്രതികരിച്ചിരുന്നു. ഇതിൽ പ്രതിഷേധവുമായി രംഗത്തെത്തിയ വിദേശകാര്യ മന്ത്രാലയം, ജർമനിയുടെ ഡപ്യൂട്ടി ചീഫ് ഓഫ് മിഷനെ വിളിച്ചുവരുത്തി ഇക്കാര്യം അറിയിച്ചിരുന്നു. മദ്യനയ അഴിമതിക്കേസിൽ കഴിഞ്ഞ വ്യാഴാഴ്ചയാണ് അരവിന്ദ് കേജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തത്. വെള്ളിയാഴ്ച വരെ ഇ.ഡി കസ്റ്റഡിയിൽ വിട്ടിരിക്കുകയാണ്.

## ജമ്മു കശ്മീരിൽ നിന്ന് സൈന്യത്തെ തിരിച്ചു വിളിക്കുന്ന കാര്യം പരിഗണനയിൽ അമിത് ഷാ

**ന്യൂഡൽഹി:** ജമ്മു കശ്മീരിൽ പ്രത്യേക സായുധ സേനാ നിയമം പിൻവലിക്കുന്ന കാര്യം കേന്ദ്രം പരിഗണിക്കുമെന്ന് ആഭ്യന്ത്രമന്ത്രി അമിത് ഷാ . ജെ.കെ.മീഡിയ ഗ്രൂപ്പിന് നൽകിയ അഭിമുഖത്തിലാണ് ജമ്മു കശ്മീരിൽ നിന്ന് സൈന്യത്തെ പിൻവലിച്ച് ക്രമസമാധാന ചുമതല പൊലീസിന് നൽകുമെന്ന് അമിത് ഷാ വ്യക്തമാക്കിയത്.



”ജമ്മു കശ്മീരിൽ നിന്ന് സൈന്യത്തെ പിൻവലിച്ച് ക്രമസമാധാന പരിപാലന ചുമതല പൊലീസിന് നൽകുന്ന കാര്യം ആലോചനയിലാണ്. ഇന്ന് ജമ്മുകശ്മീർ പൊലീസ് നിരവധി സൈനിക പ്രവർത്തനങ്ങൾ നയിക്കുന്നുണ്ട്.” അമിത് ഷാ പറഞ്ഞു.

സൈന്യത്തിന് പ്രത്യേകാധികാരം നൽകുന്ന അഫ്സ്പ നിയമം റദ്ദാക്കുന്നതിനെ കുറിച്ചും അദ്ദേഹം സംസാരിച്ചു. പ്രശ്നബാധിത പ്രദേശങ്ങളിൽ സൈന്യത്തിന് സവിശേഷ അധികാരം നൽകുന്ന നിയമമാണ് അഫ്സ്പ . ക്രമസമാധാന പാലനത്തിനായി വേണ്ടി വന്നാൽ പരിശോധനകൾ നടത്താനും, അറസ്റ്റുചെയ്യാനും, വെടിയുതിർക്കാനുമടക്കമുള്ള അവകാശങ്ങൾ സൈന്യത്തിന് നൽകുന്ന നിയമമാണ് ഇത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ എഴുപത് ശതമാനത്തോളം പ്രദേശങ്ങളിൽ നിയമം റദ്ദാക്കിയതായും അദ്ദേഹം വ്യക്തമാക്കി. സെപ്റ്റംബറിന് മുൻപായി ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

”ജമ്മു കശ്മീരിൽ ജനാധിപത്യം പുലർത്തുമെന്നുള്ളത് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കാണ്. അത് തീർച്ചയായും പാലിക്കപ്പെടും. അത് മൂന്നുകുടുംബങ്ങളുടെ ഉള്ളിൽ മാത്രമായി ഒതുങ്ങുന്നതായിരിക്കില്ല. അത് ജനങ്ങളുടെ ജനാധിപത്യമായിരിക്കും.” അദ്ദേഹം പറഞ്ഞു.

## 2025ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.8% വളർച്ച നേടും: എസ് & പി ഗ്ലോബൽ

**കൊച്ചി:** ശക്തമായ ആഭ്യന്തര ഡിമാൻഡും കയറ്റുമതിയിലെ വർധനവും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുമെന്ന് എസ് & പി ഗ്ലോബൽ റേറ്റിങ്സ്. 2025 സാമ്പത്തിക വർഷത്തിൽ സമ്പദ്‌വ്യവസ്ഥ 6.8% വളർച്ച കൈവരിക്കുമെന്ന് റേറ്റിങ് ഏജൻസി പറഞ്ഞു. വരും വർഷത്തേക്കുള്ള പ്രവചനം മാറ്റമില്ലാതെ തുടരുകയാണ്.




ഏഷ്യൻ സമ്പദ്‌വ്യവസ്ഥയിൽ നേരിയ മാന്ദ്യം പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, ഇന്ത്യ, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, വിയറ്റ്നാം എന്നീ രാജ്യങ്ങൾ വളർച്ചയിൽ മുന്നിൽ നിൽക്കുന്നതിനാൽ, ശക്തമായ ആഭ്യന്തര ഡിമാൻഡ് വളർച്ചയും കയറ്റുമതിയിൽ ഉയർച്ചയും കാണുന്നുണ്ട്. കഴിഞ്ഞ മാസം പുറത്തിറക്കിയ ഗവൺമെൻറിൻറെ രണ്ടാമത്തെ മുൻകൂർ എസ്റ്റിമേറ്റിന് അനുസൃതമായി, നടപ്പു വർഷം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 7.6% വളർച്ച നേടുമെന്ന് എസ് & പി പ്രതീക്ഷിക്കുന്നു. 2024 സാമ്പത്തിക വർഷത്തിൽ 7.2% വളർച്ചയാണ് ഏജൻസി നേരത്തെ പ്രവചിച്ചിരുന്നത്. അടുത്ത സാമ്പത്തിക വർഷം നിയന്ത്രിത പലിശ നിരക്കുകൾ ഡിമാൻഡിനെ ഭാരപ്പെടുത്തിയേക്കും.

അതേസമയം സുരക്ഷിതമല്ലാത്ത വായ്പയെ മെരുക്കാനുള്ള നിയന്ത്രണ നടപടികൾ ക്രെഡിറ്റ് വളർച്ചയെ ബാധിക്കുകയും കുറഞ്ഞ ധനക്കമ്മി വളർച്ചയെ കുറയ്ക്കുമെന്നും എസ് & പി പറയുന്നു.

ധനക്കമ്മി ഈ വർഷം 5.8 ശതമാനത്തിൽ നിന്ന് 25 സാമ്പത്തിക വർഷത്തിൽ 5.1 ആയി കുറയ്ക്കാൻ സർക്കാർ ബജറ്റ് തയാറാക്കിയിട്ടുണ്ട്. 2026 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കാനുള്ള പാതയിലാണ് സർക്കാർ.



## ന്യൂസിലൻഡ് ക്രിക്കറ്റ്

# അടുത്ത 7 വർഷത്തെ സംപ്രേക്ഷണ അവകാശം സോണി പിക്ചേഴ്സ് നെറ്റ്‌വർക്ക്സ് ഇന്ത്യക്ക്




**കൊച്ചി:** ന്യൂസിലാൻഡ് പുരുഷ (ബ്ലാക്ക് ക്യാപ്സ്), വനിതാ (വൈറ്റ് ഫേൺസ്) ക്രിക്കറ്റ് ടീമുകളുടെ മത്സരങ്ങൾ അടുത്ത ഏഴ് വർഷത്തേക്ക് ഇന്ത്യയിലും ഉപഭൂഖണ്ഡങ്ങളിലും സംപ്രേക്ഷണം ചെയ്യുന്നതിനും സ്ട്രീം ചെയ്യുന്നതിനുമുള്ള ടെലിവിഷൻഡിജിറ്റൽ അവകാശങ്ങൾ സോണി പിക്ചേഴ്സ് നെറ്റ്‌വർക്ക്സ് ഇന്ത്യ (എസ്പിഎൻഐ) സ്വന്തമാക്കി. 2024 മെയ് 1 മുതൽ 2031 ഏപ്രിൽ 30 വരെയാണ് കരാർ കാലാവധി. 202627, 203031 വേനൽ കാലയളവിലെ ഇന്ത്യയുടെ ന്യൂസിലാൻഡ് പര്യടനങ്ങളും, ന്യൂസിലാൻഡിൽ നടക്കുന്ന മറ്റു എല്ലാ ടെസ്റ്റ്, ഏകദിന, ടി20 മത്സരങ്ങളും എസ്പിഎൻഐയുടെ സ്പോർട്സ് ചാനലുകളിൽ തത്സമയം സംപ്രേക്ഷണവും സ്ട്രീമിങ്ങും ചെയ്യും. സോണി ലിവിലും മത്സരങ്ങൾ തത്സമയം കാണാനാവും. ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡ് (ഇസിബി), ശ്രീലങ്ക ക്രിക്കറ്റ് (എസ്എൽസി) എന്നീ ക്രിക്കറ്റ് ബോർഡുകളുമായി ഇതിനകം സോണി ഇന്ത്യ കരാറിലേർപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ ടീമിന് പുറമേ ഓസ്ട്രേലിയ, ഇംഗ്ലണ്ട്, പാകിസ്താൻ എന്നീ മുൻനിര ടീമുകൾക്കെതിരെയുള്ള ന്യൂസിലാൻഡ് ടീമിന്റെ മത്സരങ്ങളും ആരാധകർക്ക് സോണിയിലൂടെ തത്സമയം കാണാം. 202425ൽ ഇംഗ്ലണ്ട്, ശ്രീലങ്ക, പാകിസ്താൻ എന്നീ ടീമുകൾക്കെതിരായ മൂന്ന് നിർണായക പരമ്പരകളും, 202627, 203031 കാലയളവുകളിൽ ഇന്ത്യൻ ടീമുമായുള്ള രണ്ട് പരമ്പരകളും ഉൾപ്പെടുന്ന മത്സരങ്ങളെല്ലാം ഇതിൽ ഉൾപ്പെടും. 2021ലെ ഉദ്ഘാടന ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ഉൾപ്പെടെ സമീപകാലത്ത് വലിയ വിജയങ്ങൾ ന്യൂസിലാൻഡ് ക്രിക്കറ്റ് ടീം സ്വന്തമാക്കിയിരുന്നു. ഇക്കഴിഞ്ഞ ടി20 ലോകകപ്പിൽ റണ്ണേഴ്സ് അപ്പ് കൂടിയായിരുന്നു ടീം. 202425, 202526 സീസണുകളിൽ ആമസോൺ പ്രൈമുമായി സഹകരിച്ചായിരിക്കും സോണി പിക്ചേഴ്സ് നെറ്റ്‌വർക്ക്സ് ഇന്ത്യയുടെ ഇന്ത്യയിലെ ഡിജിറ്റൽ അവകാശങ്ങൾ.ന്യൂസിലാൻഡ് ക്രിക്കറ്റുമായുള്ള ഞങ്ങളുടെ പുതിയ പങ്കാളിത്തം പ്രഖ്യാപിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സോണി പിക്ചേഴ്സ് നെറ്റ്‌വർക്ക്സ് ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ എൻപി സിങ് പറഞ്ഞു. അസാധാരണമായ കായികക്ഷമതയ്ക്കും കരുത്തിനും പേരുകേട്ട ന്യൂസിലാൻഡ് ക്രിക്കറ്റ് ടീം, ആഗോള തലത്തിൽ ഏറ്റവും ബഹുമാനിക്കപ്പെടുന്ന ക്രിക്കറ്റ് ടീമുകളിലൊന്ന് കൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇരു ഓർഗനൈസേഷനുകൾക്കും ഇത് ആവേശകരമായ സമയമാണെന്ന് ന്യൂസിലൻഡ് ക്രിക്കറ്റ് അധ്യക്ഷ ഡയാന പുകെടാപു ലിൻഡൺ പറഞ്ഞു. ഞങ്ങളുടെ സ്പോർട്സ് പോർട്ട്ഫോളിയോയിലേക്ക് മാർക്വീ പ്രോപ്പർട്ടികൾ ചേർക്കാനാണ് ഞങ്ങളുടെ നിരന്തരമായ ശ്രമമെന്നും, ന്യൂസിലാൻഡ് ക്രിക്കറ്റുമായുള്ള ഞങ്ങളുടെ പങ്കാളിത്തം ഞങ്ങളുടെ സ്പോർട്സ് പോർട്ട്ഫോളിയോയ്ക്ക് ഒരു പ്രധാന കൂട്ടിച്ചേർക്കലാണെന്നും എസ്പിഎൻഐയുടെ ഡിസ്ട്രിബ്യൂഷൻ ആൻഡ് ഇന്റർനാഷണൽ ചീഫ് റവന്യൂ ഓഫീസറും സ്പോർട്സ് ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു. ഇരു ഓർഗനൈസേഷനുകളും ഒരേ മൂല്യങ്ങൾ പങ്കിടുന്ന ഈ പങ്കാളിത്തം അനുയോജ്യമാണെന്ന് ന്യൂസിലാൻഡ് ക്രിക്കറ്റ് (എൻഇസഡ്സി) ചീഫ് എക്സിക്യൂട്ടീവ് സ്കോട്ട് വീനിങ് ചൂണ്ടിക്കാട്ടി. ന്യൂസിലാൻഡ് ക്രിക്കറ്റിന്റെ പ്രധാന വിപണിയാണ് ഇന്ത്യയെന്നും, എസ്പിഎൻഐയുമായുള്ള പങ്കാളിത്തം യോജിച്ച താൽപര്യങ്ങളുടെ ഫലമാണെന്നും ന്യൂസിലൻഡ് ക്രിക്കറ്റ് കൊമേഴ്സ്യൽ ജനറൽ മാനേജർ ക്രിസ് സ്മിത്ത് പറഞ്ഞു.

# ഹിറ്റാച്ചി 10,000 വൈറ്റ് ലേബൽ എടിഎമ്മുകൾ സ്ഥാപിച്ചു




**കൊച്ചി:** രാജ്യത്തെ മുൻനിര പേയ്മെൻ്റ്, വാണിജ്യ സേവന ദാതാവായ ഹിറ്റാച്ചി പേയ്മെൻ്റ് സർവീസസിൻറെ വൈറ്റ് ലേബൽ എടിഎമ്മുകളുടെ എണ്ണം 10,000 എന്ന നാഴികക്കല്ല് പിന്നിട്ടു. രാജ്യത്ത് ആകെ സ്ഥാപിച്ചിട്ടുള്ള ഹിറ്റാച്ചി എടിഎമ്മുകളുടെ 27 ശതമാനം ദക്ഷിണേന്ത്യയിലാണ്.

ഹിറ്റാച്ചി മണി സ്പോട്ട് എടിഎം എന്ന ബ്രാൻഡിലുള്ള ഈ എടിഎമ്മുകൾ പ്രധാനമായും ചെറുപട്ടണങ്ങളിലും ഗ്രാമീണ മേഖലകളിലുമാണ്.2013ലാണ് ഡബ്ല്യുഎൽഎ ലൈസൻസുമായി ഹിറ്റാച്ചി വൈറ്റ് ലേബൽ എടിഎമ്മുകളുടെ രംഗത്ത് എത്തിയത്. നിലവിൽ ക്യാഷ് ഡെപോസിറ്റ് സൗകര്യം നൽകുന്ന ഏക ഡബ്ല്യുഎൽഎ ഓപറേറ്റർ ഹിറ്റാച്ചിയാണ്. കാർഡുകൾ ഇല്ലാതെ പണം പിൻവലിക്കാനായി ആൻഡ്രോയ്ഡ് സംവിധാനത്തിൽ യുപിഐ എടിഎമ്മും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്.കൂടുതൽ മേഖലകളിലേക്ക് ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ കമ്മ്യൂണിറ്റികളെ ശാക്തീകരിക്കുന്നത് തുടരുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന സാമൂഹികസാമ്പത്തിക വളർച്ചയ്ക്കായി നിലകൊള്ളുകയും ചെയ്യുമെന്ന് ഹിറ്റാച്ചി പേയ്മെൻറ് സർവീസ്, ക്യാഷ് ബിസിനസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ സുമിൽ വികാംസെ പറഞ്ഞു. രാജ്യത്തിൻറെ ഏറ്റവും വിദൂരമായ മേഖലകളിലേക്കു സേവനങ്ങൾ വിപുലീകരിക്കുവാൻ തങ്ങൾക്കു പ്രതിബദ്ധതയുണ്ടെന്ന് ഹിറ്റാച്ചി പേയ്മെൻ്റ് സർവീസസ്, സൈറ്റ് അക്വിസിഷൻ & പ്രൊജക്ട്സ് ഡയറക്ടർ സന്തോഷ് നായർ പറഞ്ഞു. രാജ്യത്തെ 28 സംസ്ഥാനങ്ങളിലും ആറു കേന്ദ്ര ഭരണ പ്രദേശങ്ങളിലും സമഗ്രമായ സാന്നിധ്യം ഇപ്പോൾ തന്നെ ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഹ്രസ്വകാല ഏവിയേഷൻ സമ്മർ കോഴ്സുകളുമായി അസാപ് കേരള

**കൊച്ചി :** ഉന്നത വിദ്യഭ്യാസ വകുപ്പിനു കീഴിലെ നൈപുണ്യ വികസന ഏജൻസിയായ അസാപ് കേരളയുടെ കളമശ്ശേരി സ്കിൽ പാർക്കിൽ സമ്മർ ക്യാംപിന്റെ ഭാഗമായി ഏവിയേഷൻ കോഴ്സുകൾ നൽകുന്നു. ജി.എം. ആർ ഏവിയേഷൻ അക്കാദമിയാണ് കോഴ്സുകൾ സംഘടിപ്പിക്കുന്നത്. പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ളവർക്ക് ഈ ഹ്രസ്വകാല കോഴ്സിന് അപേക്ഷിക്കാം. ഏപ്രിൽ 10 മുതൽക്കാണ് ക്ലാസുകൾ ആരംഭിക്കുന്നത്. ഫ്രഞ്ച് ഭാഷ, ഏവിയേഷൻ മേഖലയിലെ ഇൻറർവ്യൂ സ്കിൽ ആൻഡ് ഗ്രൂമിങ്, എയർസൈഡ് ടെർമിനൽ ഓപ്പറേഷൻസ് ആൻഡ് എയർ കാർഗോ ഓപ്പറേഷൻസ് എന്നീ വിഭാഗങ്ങളിലാണ് പരിശീലനം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ കളമശ്ശേരിയിലുള്ള അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 7907842415, 8592976314.

# സംസ്കൃത സർവ്വകലാശാലയിൽ ഓൺലൈൻ കോഴ്സുകൾ തുടങ്ങുന്നു



**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ ലേണിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 202425 അക്കാദമിക വർഷത്തെ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ബേസിക് സാൻസ്ക്രിറ്റ് കോഴ്സ് ഇൻ മലയാളം, സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് ആയുർവേദ എന്നിവയാണ് ഓൺലൈൻ കോഴ്സുകൾ. പ്രായപരിധിയില്ല.ബേസിക് സാൻസ്ക്രിറ്റ് കോഴ്സ് ഇൻ മലയാളം: മലയാളത്തിൽ എഴുതാനും വായിക്കാനും കഴിയുന്നവർക്ക് അപേക്ഷിക്കാം.

കോഴ്സിന്റെ ദൈർഘ്യം 14 ആഴ്ച. 20 മണിക്കൂർ ക്ലാസുണ്ടായിരിക്കും. കോഴ്സ് ഫീസ് രണ്ടായിരം രൂപ. ഏപ്രിൽ 15 മുതൽ ഓൺലൈനായി അപേക്ഷിക്കാം. മെയ് 15വരെ അപേക്ഷകൾ സ്വീകരിക്കും. മെയ് 27ന് കോഴ്സ് ആരംഭിക്കും. ഒക്ടോബർ 15ന് അവസാനിക്കും. ഓൺലൈനായി അപേക്ഷിക്കുന്നതിന് ഠഠഠ. ൌൈ.മര.ശി/രീഹ സന്ദർശിക്കുക.സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് ആയുർവേദ: ആറ് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. കേരള ആരോഗ്യ സർവ്വകലാശാലയിലെ ആയുർവേദ അധ്യാപകർക്ക് അപേക്ഷിക്കാം. ഏപ്രിൽ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. ഏപ്രിൽ 29ന് കോഴ്സ് ആരംഭിക്കും. ഒക്ടോബർ 29ന് അവസാനിക്കും. കോഴ്സ് ഫീസ് അയ്യായിരം രൂപ. ഓൺലൈനായി അപേക്ഷിക്കുന്നതിന് www.ssus.ac.in/scol സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 04842699731.

# സംസ്കൃത സർവ്വകലാശാലയിൽ പി. ജി., പി. ജി. ഡിപ്ലോമ പ്രവേശനം: ഏപ്രിൽ 24 വരെ അപേക്ഷിക്കാം

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും 2022 2023 അദ്ധ്യയന വർഷത്തെ എം.എ., എം. എസ്‌സി., എം. എസ്. ഡബ്ല്യു., എം. എഫ്. എ., എം. പി. ഇ. എസ്., പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഏപ്രിൽ 24 വരെ ദീർഘിപ്പിച്ചതായി സർവ്വകലാശാല അറിയിച്ചു. എൻട്രൻസ് പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ മെയ് രണ്ടു വരെ ഡൌൺലോഡ് ചെയ്യാം.

പ്രവേശന പരീക്ഷകൾ മെയ് 13 മുതൽ 16 വരെ, സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും നടക്കും. മെയ് 27ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ജൂൺ 12ന് പി. ജി. ക്ലാസ്സുകൾ ആരംഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് എം. എ. / എം. എസ്‌സി. / എം. എസ്. ഡബ്ല്യു. കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. അവസാന വർഷ പരീക്ഷ എഴുതുന്നവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.ഏപ്രിൽ 24 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ പി. ജി പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പി. ജി. പ്രോഗ്രാമിനും പ്രത്യേകം പ്രവേശന പരീക്ഷ ഫീസ് അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനും www.ssus.ac.ശിസന്ദർശിക്കുക.

# 69 ശതമാനം പേർക്കും താൽപര്യം അധിക പാക്കിങ് ഇല്ലാതെയുള്ള ഡെലിവറി

**കൊച്ചി:** തങ്ങൾ ഓൺലൈനായി വാങ്ങുന്ന സാധനങ്ങൾ അധിക പാക്കിങ് ഇല്ലാതെ ലഭിക്കുന്നതാണു താൽപര്യമെന്ന് ഇന്ത്യയിൽ ഇങ്ങനെ വാങ്ങുന്ന പത്തിൽ ഏഴു പേരും (69 ശതമാനം) അഭിപ്രായപ്പെടുന്നു.

തുണികൾ, ഡിറ്റർജെൻറ്, സ്റ്റേഷനറി തുടങ്ങിയവ അവയുടെ ഒറിജിനൽ പാക്കിങ് കൊണ്ടു തന്നെ മികച്ചതാണെന്ന് ഇതു സംബന്ധിച്ച സർവേയിൽ ഉപഭോക്താക്കൾ അഭിപ്രായപ്പെടുന്നു. അതേ സമയം വ്യക്തിഗത ഇനങ്ങളും വിലയേറിയ ചില ഇനങ്ങളും പാക്കിങ് ചെയ്താവണമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.2021 മുതൽ ആമസോൺ ഇന്ത്യയിലെ ഉപഭോക്താക്കൾക്കുള്ള ഡെലിവറികളിൽ അധിക പാക്കിങ് കുറച്ചു കൊണ്ടു വരികയാണ്. ഇത് 83 ശതമാനമായി ഉയർത്തിയിട്ടുമുണ്ട്.

പാക്കിങ് സാമഗ്രികളുടെ ഉപയോഗം കുറക്കുന്നതിനാണ് തങ്ങൾ അധിക പാക്കിങ് ഒഴിവാക്കണമെന്ന് ആഗ്രഹിക്കുന്നതെന്ന് സർവേയിൽ പങ്കെടുത്തവരിൽ 55 ശതമാനം പേർ ചൂണ്ടിക്കാട്ടി. ആഗോള തലത്തിൽ 2015 മുതൽ ആമസോൺ പാക്കിങ് സാമഗ്രികളുടെ ഭാരം ശരാശരി 41 ശതമാനം കുറക്കുകയും രണ്ടു ദശലക്ഷം ടണ്ണോളം പാക്കിങ് സാമഗ്രികളുടെ ഉപയോഗം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളെപ്പോലെ തന്നെ തങ്ങളുടെ ഉപഭോക്താക്കളും പാക്കിങ് സാമഗ്രികൾ കുറക്കുന്നതിനെ കുറിച്ചു ശ്രദ്ധാലുക്കളാണെന്ന് ആമസോൺ ഇന്ത്യ ഓപറേഷൻസ് വൈസ് പ്രസിഡൻറ് അഭിനവ് സിങ് പറഞ്ഞു. സാധ്യമായ എല്ലായിടങ്ങളിലും പാക്കിങ് സാമഗ്രികൾ ഒഴിവാക്കാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും സുരക്ഷിതമായി അയക്കാൻ സാധ്യമായ രീതിയിലെ പാക്കിങ് രൂപകൽപന ചെയ്യാൻ തങ്ങൾ ഉൽപാദകരുമായി ചേർന്നു പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# ഒറ്റ ദിവസം 26 പുതിയ ശാഖകൾ തുറന്ന് ഫെഡറൽ ബാങ്ക്

**കൊച്ചി:** തമിഴ്നാട്ടിലും പുതുച്ചേരിയിലുമായി ഫെഡറൽ ബാങ്ക് 26 പുതിയ ശാഖകൾ തുറന്നു. എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ ചെന്നൈയിൽ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിനോടനുബന്ധിച്ച് ചെന്നൈ ടവർ റോട്ടറി ക്ലബുമായി സഹകരിച്ച് കാഴ്ചപരിമിതർക്കുള്ള 26 അത്യാധുനിക സ്മാർട്ട് വിഷൻ ഉപകരണങ്ങൾ വിതരണം ചെയ്തു. തിരുവള്ളൂർ ഡിസ്ട്രിക്ട് ഫിഷെർമാൻ ഫെഡറേഷൻ മുഖേന പൊന്നേരിയിൽ 60 വനിതാ ഗുണഭോക്താക്കൾക്കുള്ള വായ്പകളും വിതരണം ചെയ്തു. ഫെഡറൽ ബാങ്കിനെ സംബന്ധിച്ച് നിർണായകമായ സാമ്പത്തിക വർഷമാണ് 2024. പുതുതായി 26 ശാഖകൾ തുറന്നതോടെ തമിഴ്നാട്ടിൽ 250 ശാഖകൾ എന്ന നാഴികക്കല്ല് പിന്നിട്ടു. ഈ മാസം അവസാനത്തോടെ ഇന്ത്യയൊട്ടാകെയുള്ള ശാഖകളുടെ എണ്ണം 1500ലെത്തും. തന്ത്രപ്രധാന വിപണികളിൽ പ്രവർത്തനം വിപുലീകരിക്കുന്നത് വരും വർഷത്തിലും നേട്ടമുണ്ടാക്കാൻ സഹായിക്കും. ഡിജിറ്റൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനൊപ്പം മാനുഷിക പരിഗണനകൾക്കും മുൻഗണന നൽകുക എന്ന ഞങ്ങളുടെ മന്ത്രമാണ് നിർമിത ബുദ്ധിയാൽ എല്ലാം നയിക്കപ്പെടുന്ന ഈ കാലത്ത് ഞങ്ങൾക്ക് കരുത്തേകുന്നതെന്നു ശ്യാം ശ്രീനിവാസൻ പറഞ്ഞു.

വ്യക്തിഗത ബാങ്കിങ്, ബിസിനസ് ബാങ്കിങ്, ലോണുകൾ, നിക്ഷേപം സ്വീകരിക്കൽ, വിവിധതരം അക്കൗണ്ടുകളുടെ സൗകര്യം തുടങ്ങി എല്ലാവിധ ബാങ്കിങ് സേവനങ്ങളും പുതിയ ശാഖകളിൽ ലഭ്യമാണ്. വ്യക്തിഗത സാമ്പത്തിക മാർഗനിർദേശവും ഇടപാടുകാർക്ക് പിന്തുണയും നൽകുന്നതിന് ഫെഡറൽ ബാങ്കിന്റെ പരിചയസമ്പന്നരായ പ്രൊഫഷണലുകൾക്കൊപ്പം നിർമിത ബുദ്ധി സംവിധാനങ്ങളുടെ സഹായവും ലഭ്യമാണ്.



# ഫോക്സ്വാഗൺ ടൈഗൺ ജിടി പ്ലസ് സ്പോർട്, ജിടി ലൈൻ വേരിയൻറുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഫോക്സ്വാഗൺ ഇന്ത്യ പുതിയ ടൈഗൺ ജിടി പ്ലസ് സ്പോർട്, ജിടി ലൈൻ വേരിയൻറുകൾ ഇന്ത്യയിൽ അവതരിപ്പിച്ചു. കമ്പനിയുടെ വാർഷിക ബ്രാൻഡ് കോൺഫറന്സ് 2024ലാണ് പുതിയ ഉത്പന്ന നിര അവതരിപ്പിച്ചത്. എസ്യുവിക്കായി പുതുക്കിയ ലൈൻ ഘടന പ്രഖ്യാപിച്ചതോടൊപ്പം, വൈദ്യുതീകരണത്തിലേക്കുള്ള ബ്രാൻഡിൻറെ പുതിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി ഐഡി.4 മോഡലും ഫോക്സ്വാഗൺ ഇന്ത്യ ബ്രാൻഡ് കോൺഫറൻസിൽ പ്രദർശിപ്പിച്ചു. ആഗോളതലത്തിൽ പ്രശംസ നേടിയമോഡലാണിത്.പുതുതായി അവതരിപ്പിച്ച വേരിയൻറുകളായ ടൈഗൺ ജിടി പ്ലസ് സ്പോർട്ട്, ടൈഗൺ ജിടി ലൈൻ എന്നിവയുടെ ബുക്കിങ് ആരംഭിച്ചിട്ടുണ്ട്.ജനപ്രിയ വിർടസ് സെഡാനെ അടിസ്ഥാനമാക്കിയുള്ള ഒരു

പുതിയ ആശയവും ബ്രാൻഡ് പ്രദർശിപ്പിച്ചു. മികച്ച ഡ്രൈവിങ് പ്രകടനത്തിന് ബ്ലാക്ക് തീമിലുള്ള എക്സ്റ്റീരിയർ , ഇൻറീരിയർ മെച്ചപ്പെടുത്തലുകൾക്ക് പ്രാധാന്യം നൽകിയാണ് പുതിയ ടൈഗൺ വേരിയൻറുകൾ രൂപകൽപന ചെയ്തിരിക്കുന്നത്.

6 സ്പീഡ് ഓട്ടോമാറ്റിക്, മാനുവൽ ട്രാൻസ്മിഷനോട് കൂടിയ 1.0ലിറ്റർ ടിഎസ്എൽ പെട്രോൾ എഞ്ചിനാണ് ഇരുമോഡലുകൾക്കും. ജിടി എഡ്ജ്, ക്രോം, സ്പോർട്ട് എന്നീ മൂന്ന് ട്രിം പ്ലാനുകളുടെ കീഴിൽ ഉപഭോക്താക്കൾക്ക് ഫോക്സ്വാഗൺ ടൈഗൺ വാങ്ങാം.


ടൈഗൺ ജിടി ലൈനിൽ പിൻഭാഗത്ത് ജിടി ലൈൻ ബാഡ്ജ് ഫെൻഡറും, മാറ്റ് ബ്ലാക്ക് ഫിനിഷ് ബിപില്ലർ, സ്റ്റിയറിംഗ് വീലിലും ഫ്രണ്ട് സെൻ്റർ ആംറെസ്റ്റിലും ക്രിസ്റ്റൽ ഗ്രേ നിറത്തിലുള്ള സ്റ്റിച്ചിംഗ് തുടങ്ങിയവയുമുണ്ട്.

ഇന്ത്യയിലെ ഉപഭോക്താക്കൾക്കായി ജിടി പ്ലസ് സ്പോർട്, ജിടി ലൈൻ വേരിയൻറുകളുടെ അവതരണത്തോടെ പുതിയ ടൈഗൺ ലൈൻ ഘടന പ്രദർശിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് ഫോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

എല്ലാവർക്കും സുസ്ഥിരവും ആവേശകരവുമായ ഡ്രൈവിങ് അനുഭവം ഉറപ്പാക്കിക്കൊണ്ട് ഐഡി.4 ഇന്ത്യയിൽ പ്രദർശിപ്പിക്കുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മഹാധമനി മാറ്റിവെച്ചു; അപൂർവ്വ ഹൃദയ സർജറി

**കൊച്ചി:** കോലഞ്ചേരിയിലെ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിൽ അതീവ സങ്കീർണ്ണമായ ബെന്റാൽ ഹൃദ്രോഗ ശസ്ത്രക്രിയ വിജയകരമായി നടന്നു.ഹൃദയത്തിൽ നിന്നും ഓക്സിജൻ സമ്പുഷ്ടമായ രക്തം പുറത്തേക്ക് കൊണ്ടുപോകുന്ന മഹാധമനിയുടെ ആന്തരിക പാളിയിൽ കീറൽ ഉണ്ടാകുന്ന അവസ്ഥയുമായി എത്തിയ 64 വയസ്സുള്ള സ്ത്രീയിലാണ് അയോർട്ട നീക്കം ചെയ്ത് കൃത്രിമ അയോർട്ടയുടെയും വാൽവും ഘടിപ്പിക്കുന്ന ബെന്റാൽ ശസ്ത്രക്രിയ നടന്നത്.പാളികൾക്കിടയിലേക്ക് രക്തമിറങ്ങി പമ്പിങ്ങ് തടസ്സപ്പെടുക മാത്രമല്ല, അയോർട്ട പൊട്ടിപ്പോവുന്നതുൾപ്പടെ പല ഗുരുതരാവസ്ഥയും ഉണ്ടാവുന്ന രോഗമാണിത്.രോഗാവസ്ഥയും ലക്ഷണങ്ങളും തീവ്രതയും വ്യത്യസ്തമായതിനാൽ ഈ രോഗനിർണ്ണയം വലിയ വെല്ലുവിളിയാണ്.രോഗിയെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചപ്പോൾ തന്നെ എംഒഎസ്സി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ ഡോ. ഈപ്പൻ പുന്നൂസ്, ഡോ. ലൂയി ഫിഷർ, ഡോ. വിനു ജോയ്, ഡോ. തരുൺ ഡേവിഡ് എന്നിവരടങ്ങുന്ന വിദഗ്ധ സംഘത്തിന് രോഗാവസ്ഥ കണ്ടെത്താൻ സാധിച്ചത് നേട്ടമായി. അയോർട്ടിക് ഡിസക്ഷൻ ചുരുങ്ങിയ നേരം കൊണ്ട് വലിയ കേടുകൾ ഉണ്ടാക്കുന്നതിനാൽ അടിയന്തിര ശാസ്ത്രക്രിയക്ക് ഡോ. ജോസഫ് തോമസ് കഥയനാട്ട്, ഡോ. സ്മാർട്ടിൻ എബ്രഹാം, ഡോ. സുജിത്ത് അലക്സാണ്ടർ കുര്യൻ എന്നിവരുടെ നേതൃത്വത്തിൽ കാർഡിയോ വാസ്കുലർ ആൻഡ് തൊറാസിക് സർജറി സംഘം ഉടനടി സജ്ജരായി. അയോർട്ടയും അയോർട്ടിക് വാൽവും നീക്കം ചെയ്യുക, കൊറോണറി ധമനികൾ താൽക്കാലികമായി നീക്കം ചെയ്യുക, കൃത്രിമ അയോർട്ടിക് ഗ്രാഫ്റ്റ് അയോർട്ടിക് വാൽവ് എന്നിവ ഘടിപ്പിക്കുക, കൊറോണറി ധമനികൾ വീണ്ടും ഘടിപ്പിക്കുക തുടങ്ങിയ നടപടികൾ ഉൾപ്പെട്ടതാണ് ബെന്റലിന്റെ നടപടിക്രമം. രോഗിയുടെ രക്തചംക്രമണം ഏതാനും മിനിറ്റുകൾ നിർത്തിയുള്ള നടപടിക്രമം സങ്കീർണ്ണവും വെല്ലുവിളി നിറഞ്ഞതുമാണ്.ശസ്ത്രക്രിയ ഏകദേശം 8 മണിക്കൂർ നീണ്ടുനിന്നു. എട്ടാം ദിവസം രോഗിയ ഡിസ്ചാർജ് ചെയ്തു .രോഗിയുടെ കുടുംബം ശസ്ത്രക്രിയാ സംഘത്തിന് പരിപൂർണ്ണ പിന്തുണ നൽകി.



# വോട്ട് ലക്ഷ്യമിട്ട് ക്ഷേത്രങ്ങൾ സന്ദർശിക്കുന്ന അവിശ്വാസികളെ തിരിച്ചറിയണം: വിഎച്ച്പി

**കൊച്ചി:** തിരഞ്ഞെടുപ്പ് അടുത്തതോടെ വിശ്വാസികളല്ലാത്ത കമ്യൂണിസ്റ്റുകാർ വോട്ട് ലക്ഷ്യമിട്ട് ക്ഷേത്രങ്ങൾ കയറിയിറങ്ങുകയാണെന്നും ഇത്തരക്കാരെ വിശ്വാസികളായ വോട്ടർമാർ തിരിച്ചറിയണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ വ്യക്തമാക്കി.

ഹൈന്ദവ വിശ്വാസികളെ നിരന്തമായി നിന്ദിക്കുകയും തള്ളിക്കളയുകയും ചെയ്ത ഇക്കൂട്ടർ ഇപ്പോൾ വോട്ടു കിട്ടാൻ വേണ്ടി മുഖം മൂടിയണിഞ്ഞ് ക്ഷേത്രങ്ങൾ തോറും കയറിയിറങ്ങുകയും വിശ്വാസികളുടെ കാലിൽ വീഴുകയും ചെയ്യുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കണ്ണിൽ പൊടിയിടാൻ ശ്രമിക്കുന്ന ഇവരെ വിശ്വാസികൾ അകറ്റി നിർത്തണം. ഏതു വിധേനയും വോട്ടു കിട്ടുകയെന്ന ഒറ്റ ലക്ഷ്യം മാത്രമാണിക്കൂട്ടർക്കുള്ളത്. കാര്യം കഴിഞ്ഞാൽ പിന്നെ ഇവർ പഴയ നിലപാടിലേക്ക് മടങ്ങുകയും ചെയ്യും. ഇത് വിശ്വാസികൾ തിരിച്ചറിയണമെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി.

# മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ സുരക്ഷാ പരിശോധന നടത്തി

**കൊച്ചി:** അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ, മാലിന്യസംഭരണ കേന്ദ്രങ്ങളിൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള സുരക്ഷാ മുൻകരുതലുകളും സജ്ജീകരണങ്ങളും വിലയിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക സംഘം സംസ്ഥാനത്തെ 96 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തി. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഇന്റേണൽ വിജിലൻസ് ഓഫീസർമാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘമാണു പരിശോധന നടത്തിയത്.

അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ തീപിടുത്തം ഉണ്ടാകുന്നത് തടയുന്നതിന് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തണമെന്ന് (സാധാ) നം. 442 /2024/ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ ഉത്തരവിൽ പരാമർശിച്ചിരുന്ന പര്യാപ്തമായ എണ്ണം ഫയർ എക്സ്റ്റിംഗ്വിഷറുകൾ സ്ഥാപിച്ചിട്ടുണ്ടോ, അപകട സാഹചര്യങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിലേക്ക് അഗ്നിശമന വാഹനം എത്തിച്ചേരുന്നതിന് ആവശ്യമായ വഴി സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ, ഷോർട്ട് സർക്യൂട്ട് ഉണ്ടാകാത്ത തരത്തിൽ വയറിങ് നടത്തിയിട്ടുണ്ടോ, ആവശ്യമായ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ എന്നിവയുൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധനയ്ക്കു വിധേയമാക്കി. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വരും ദിവസങ്ങളിൽ സമാനമായ രീതിയിൽ പരിശോധന നടത്തുമെന്നും വീഴ്ച കണ്ടെത്തിയാൽ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു.

# ലോക്സഭ തിരഞ്ഞെടുപ്പ്: റാൻഡമൈസേഷൻ പൂർത്തിയായി

**ആലപ്പുഴ:** ലോക്സഭ തിരഞ്ഞെടുപ്പിന്റെ ഭാഗമായി വിവിധ നിയമസഭ മണ്ഡലങ്ങളിലേക്കുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, വിവിപാറ്റ് എന്നിവ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനുള്ള റാൻഡമൈസേഷൻ ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ല കളക്ടർ അലക്സ് വർഗീസിന്റെ നേതൃത്വത്തിൽ നടത്തി. കലക്ടറേറ്റിൽ നടന്ന റാൻഡമൈസേഷനിൽ മാവേലിക്കര ലോക്സഭ മണ്ഡലം റിട്ടേണിംഗ് ഓഫീസർ കൂടിയായ എ.ഡി.എം. വിനോദ് രാജ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതനായി.

ഇലക്ഷൻ കമ്മീഷന്റെ ഇഎംഎസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഓരോ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടിംഗ് മെഷീനുകൾ വിതരണം ചെയ്യുന്നത്. 2,047 കൺട്രോൾ യൂണിറ്റ്, 2,047 ബാലറ്റ് യൂണിറ്റ്, 2,218 വിവിപാറ്റ് എന്നിവയാണ് റാൻഡമൈസേഷൻ പൂർത്തിയാക്കി അലോട്ട് ചെയ്തുവെച്ചിട്ടുള്ളത്.

കൺട്രോൾ യൂണിറ്റ്, ബാലറ്റ് യൂണിറ്റ് എന്നിവ 20 ശതമാനവും വിവിപാറ്റ് 30 ശതമാനവും കൂടുതലായി കരുതിയിട്ടുണ്ട്. റാൻഡമൈസേഷൻ പൂർത്തിയാക്കിയ വോട്ടിംഗ് മെഷീനുകളുടെ വിവരങ്ങൾ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും എത്തിച്ചു നൽകി. സി.പി.ഐ. പ്രതിനിധി ടി.ആർ. ബാഹുലേയൻ, ഐ.എൻ.സി. പ്രതിനിധി ജി. സഞ്ജീവ് ഭട്ട്, ബി.ജെ.പി. പ്രതിനിധി ആർ. ഉണ്ണികൃഷ്ണൺ, കേരള കോൺഗ്രസ്(എം) പ്രതിനിധി ഷീൻ സോളമൻ, ജെ.ഡി.എസ്. പ്രതിനിധി സുബാഷ് ബാബു, ൦ ആർ.എസ്.പി. പ്രതിനിധി ആർ. ചന്ദ്രൻ, ആംആദ്മി പ്രതിനിധി അശോക് ജോർജ്, തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ ജി.എസ്. രാധേഷ്, തിരഞ്ഞെടുപ്പ് ജൂനിയർ സൂപ്രണ്ട് ടി.എ. ഗ്ലാഡ്‌വിൻ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# ഡൗൺ സിൻഡ്രോം ദിനം: ബോധവത്കരണവും ആഘോഷവും സംഘടിപ്പിച്ച് ആസ്റ്റർ കൈൻഡ്

**കൊച്ചി:** ലോക ഡൗൺ സിൻഡ്രോം ദിനത്തോടനുബന്ധിച്ച് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ കിഡ്സ് ഇന്റഗ്രേറ്റഡ് ന്യൂറോളജി ആൻഡ് ഡെവലപ്മെന്റ് സെന്റർ (കെ.ഐ.എൻ.ഡി) 'എൻഡ് ദി സ്റ്റീരിയോടൈപ്പ് " എന്ന പേരിൽ പ്രത്യേക ബോധവത്കരണ പരിപാടിയും ആഘോഷവും സംഘടിപ്പിച്ചു.

ഡൗൺ സിൻഡ്രോമിനെ കുറിച്ചുള്ള കൃത്യമായ അറിവുകൾ പ്രചരിപ്പിക്കാനും ഡൗൺ സിൻഡ്രോമുള്ള കുട്ടികൾക്ക് സമൂഹത്തിൽ കൂടുതൽ സ്വീകാര്യത നേടിക്കൊടുക്കാനുമാണ് ആസ്റ്റർ മെഡ്സിറ്റിയിലെ നോളജ് ഹബ്ബിൽ നടന്ന പരിപാടി ലക്ഷ്യമിട്ടത്. ഡൗൺ സിൻഡ്രോമുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളും പരിപാടിയിൽ പങ്കെടുത്ത് വൈവിധ്യങ്ങൾ ആഘോഷമാക്കി.

ഡൗൺ സിൻഡ്രോമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും കലാപ്രകടനങ്ങളും അവരുടെ കഴിവുകളുടെ പ്രത്യേക അവതരണവും ചടങ്ങിന് മാറ്റുകൂട്ടി. കുട്ടികൾ നടത്തിയ ടാലന്റ് ഷോയും ഫാഷൻ ഷോയും ഹൃദയം നിറയ്ക്കുന്നതായിരുന്നു. കൂടാതെ കുട്ടികൾക്കായി മാജിക് ഷോയും മറ്റ് വിനോദപരിപാടികളും സംഘടിപ്പിച്ചു.ഇത്തരം പരിപാടികൾ ഡൗൺ സിൻഡ്രോമിനെ കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുക മാത്രമല്ല, ഈ അവസ്ഥയിലൂടെ കടന്നുപോകുന്നവർക്ക് നമ്മുടെ സമൂഹത്തിൽ ഒരിടമുണ്ടെന്ന് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റി കൺസൾട്ടന്റ് ഡെവലപ്മെന്റൽ പീഡിയാട്രീഷൻ ഡോ. സൂസൻ മേരി സക്കറിയ പറഞ്ഞു. വിഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടെയും അവകാശങ്ങൾക്ക് വേണ്ടി ആസ്റ്റർ കൈൻഡ് എല്ലായ്പ്പോഴും നിലകൊണ്ടിട്ടുണ്ട്. അത്തരം നിരവധി പ്രവർത്തനങ്ങളിൽ ഒന്നാണ് ആസ്റ്റർ കൈൻഡ് സംഘടിപ്പിച്ച "എൻഡ് ദി സ്റ്റീരിയോടൈപ്പ് " എന്ന പരിപാടിയെന്നും ഡോ.സൂസൻ മേരി സക്കറിയ പറഞ്ഞു.



# കാറും ബൈക്കും സ്വന്തമാക്കി ലുലു ലക്കി ഡ്രോ വിജയികൾ

## നറുക്കെടുപ്പിലൂടെ വിതരണം ചെയ്യുന്നത് 11 കാറുകളും 11 ബൈക്കും

**കൊച്ചി :** ലുലുവിന്റെ പതിനൊന്നാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന നറുക്കെടുപ്പിലെ ആദ്യഘട്ട വിജയികളെ പ്രഖ്യാപിച്ചു. നിസാൻ മാഗ്നൈറ്റ് കാർ, ടിവിഎസ് ജൂപ്പിറ്റർ സ്കൂട്ടർ എന്നിവ സ്വന്തമാക്കിയ ഭാഗ്യശാലികളെ ജനപ്രിയതാരം ദിലീപാണ് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തത് .

സിനിമാ താരം മനോജ് കെ ജയൻ, സംവിധായകൻ മേജർ രവി എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് വിജയികളെ തെരഞ്ഞെടുത്തത്. ആദ്യഘട്ട നറുക്കെടുപ്പിൽ94257302 നമ്പർ കൂപ്പൺ ലഭിച്ച നീലിമ , 9436055 എന്നീ കൂപ്പൺ ലഭിച്ച ടീന ആൻറണി എന്നിവരാണ് നിസാൻ മാഗ്നൈറ്റ് കാർ സമ്മാനത്തിന് അർഹരായത്.

94165167 നമ്പർ കൂപ്പൺ ലഭിച്ച ഹജീർ , 94062358 കൂപ്പൺ ലഭിച്ച ഹരി എന്നിവർക്ക് ടിവിഎസ് ജൂപ്പിറ്റർ സ്കൂട്ടർ ലഭിച്ചു. സമ്മാന പദ്ധതിയിലെ രണ്ടാംഘട്ട വിജയികളെയും തിരഞ്ഞെടുത്തു. അനൂപ് ആൻറണി, ജുബാബ് റോഷൻ, ജിൻസ സുനൈസ്, പ്രവീൺ നായർ എന്നിവർ മാഗ്നൈറ്റ് കാർ വിജയികളായി. ഹാരൂൺ സി.എച്ച്, റെനിൽ ആൻറോ, ഷംസൂൺ എൻ.പി, സെദിക്ക് എസ് എന്നിവർ ജൂപീറ്റർ സ്കൂട്ടറുകൾ സ്വന്തമാക്കി. കൊച്ചി ലലുവിന്റെ പതിനൊന്നാം വാർഷികാഘോഷത്തിൻറെ ഭാഗമായി 11 നിസാൻ മാഗ്നൈറ്റ് കാറുകളും 11 ടിവിഎസ് ജൂപ്പിറ്റർ സ്കൂട്ടറുകളുമാണ് ഭാഗ്യശാലികളെ കാത്തിരിക്കുന്നത്. കൂടാതെ ഷോപ്പ് ചെയ്യുന്ന ഓരോ മണിക്കൂറിലും ആകർഷകങ്ങളായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ മാസം 31 വരെ ഈ ഓഫറുണ്ട്.

# ക്ഷയരോഗം: തിരിച്ചറിയാം, ചികിത്സനേടാം

ആരോഗ്യം



**ഡോ. മധു. കെ**
ഡയറക്ടർ, പൾമനോളജി,ആസ്റ്റർ ലങ് കെയർ സെന്റർ.

ലോകത്താകമാനം ഏറ്റവും കൂടുതൽ മരണത്തിന് കാരണമാകുന്ന ഇൻഫക്ഷസ് ഡിസീസ് രോഗമാണ് ടി ബി. അതായത് വർഷംതോറും 1 കോടിയിലധികം പുതിയ ടിബി രോഗികൾ ഉണ്ടാവുകയും, ഏകദേശം 13 ലക്ഷത്തോളം ആൾക്കാർ ടി ബി രോഗകാരണത്താൽ മരണപ്പെടുകയും ചെയ്യുന്നു. ലോകത്താകെയുള്ള ടി ബി രോഗികളിൽ മൂന്നിൽ ഒന്ന് ഇന്ത്യയിലാണ്. 3.31 ലക്ഷം ആളുകൾ ഇന്ത്യയിൽ ടി ബി രോഗം മൂലം മരണമടഞ്ഞു. കോവിഡ് വന്നപ്പോൾ കോവിഡ് രോഗം മരണ കാരണത്തിൽ ടി ബി യെ മറികടന്നെങ്കിലും, കോവിഡ് രോഗം കുറഞ്ഞപ്പോൾ ഇപ്പോൾ വീണ്ടും കൂടുതൽ ആൾക്കാരുടെ മരണത്തിന് ടി ബി രോഗാണു കാരണമാവുകയാണ്.

**ടി ബി രോഗം**

നമ്മുടെ ശരീരത്തിലെ ഒട്ടുമിക്ക അവയവങ്ങളെയും ബാധിക്കുന്ന ഒരു രോഗമാണ് ടി ബി. ഇത് ഏറ്റവുംകൂടുതൽ ബാധിക്കുന്നത് ശ്വാസകോശത്തെയായതിനാൽ അതുമായി ബന്ധപ്പെട്ട ലക്ഷണങ്ങളെ അണ് പൊതുവായി ആളുകൾ ടി ബി ലക്ഷങ്ങളായി മനസ്സിലാക്കിയിരിക്കുന്നത്. എങ്കിലും നഖവും മുടിയും ഒഴികെയുള്ള എല്ലാ ഭാഗങ്ങളെയും ബാധിക്കുന്ന രോഗമാണിത്. തലച്ചോറ്, കരൾ, എല്ലുകൾ, നട്ടെല്ല്, ചെറുകുടൽ, വൻകുടൽ ശ്വാസകോശത്തിൻറെയും വയറിൻറെയും ഹൃദയത്തിന്റെയും ആവരണങ്ങൾ, കഴലകൾ ഇവയെയൊക്കെ സാധാരണയായി ബാധിക്കാറുണ്ട്. ശ്വാസകോശത്തെ ബാധിക്കുന്ന ടി ബി രോഗത്തെ പൾമൊണറി ടി ബി എന്നും, മറ്റുള്ള അവയവങ്ങളെ ബാധിക്കുന്നവയെ എക്സ്ട്രാ പൾമൊണറി ടി ബി എന്നും പറയുന്നു.

**ടി ബി പകരുന്ന വിധം**

ടി ബി രോഗം പടരുന്നത് വായുവിലൂടെയാണ്, ക്ഷയരോഗം ബാധിച്ചയാൾ ചുമക്കുമ്പോഴും, തുമ്മുമ്പോഴും, രോഗാണുക്കൾ വായുവിലൂടെ മറ്റുള്ളവരിലേക്ക് എത്തുന്നു. വളരെ അപൂർവ്വമായി ടി ബി രോഗം അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് ജനനസമയത്തും പകരാം. ഇങ്ങനെ വായുവിലൂടെ ശരീരത്തിൽ ടി ബി രോഗാണു പ്രവേശിച്ചാൽ ടി ബി രോഗം ബാധിക്കണമെന്നില്ല. ഇയാളുടെ ശരീരത്തിൻറെ പ്രതിരോധശേഷിക്ക് അനുസരിച്ച് രോഗാണു ശരീരത്തിൽ നിഷ്ക്രിയമായ അവസ്ഥയിൽ കഴിയുന്നു. അയാളുടെ രോഗപ്രതിരോധശേഷിയിൽ വ്യതിയാനം വന്നാൽ ടി ബി രോഗാണു പ്രവർത്തിക്കാൻ തുടങ്ങും. ടി ബി രോഗാണു ശരീരത്തിൽ പ്രവേശിച്ചിട്ടും രോഗം വരാതെ ഇരിക്കുന്ന അസ്ഥയ്ക്കാണ് ലാറ്റൻഡ് ടി ബി എന്ന് പറയുന്നത് ഇത്തരം ആൾക്കാർക്ക് ജീവിതകാലയളവിൽ ടി ബി രോഗം വരുവാൻ 10% സാധ്യത ഉണ്ട്. ഇന്ത്യയിൽ ഏകദേശം 40 % ത്തോളം ആളുകൾക്ക് ലാറ്റൻഡ് ടി ബി സാധ്യതയുണ്ടെന്നാണു ഔദ്യോഗിക കണക്ക്.

**ടി ബി രോഗ ലക്ഷണങ്ങൾ**

ഏത് അവയവങ്ങളെ ആണോ ടി ബി ബാധിക്കുന്നത് എന്നത് അനുസരിച്ചായിരിക്കും

> **വർഷംതോറും 1 കോടിയിലധികം പുതിയ ടിബി രോഗികൾ ഉണ്ടാവുകയും, ഏകദേശം 13 ലക്ഷത്തോളം ആൾക്കാർ ടി ബി രോഗകാരണത്താൽ മരണപ്പെടുകയും ചെയ്യുന്നു. ലോകത്താകെയുള്ള ടി ബി രോഗികളിൽ മൂന്നിൽ ഒന്ന് ഇന്ത്യയിലാണ്. 3.31 ലക്ഷം ആളുകൾ ഇന്ത്യയിൽ ടി ബി രോഗം മൂലം മരണമടഞ്ഞു. കോവിഡ് വന്നപ്പോൾ കോവിഡ് രോഗം മരണ കാരണത്തിൽ ടി ബി യെ മറികടന്നെങ്കിലും, കോവിഡ് രോഗം കുറഞ്ഞപ്പോൾ ഇപ്പോൾ വീണ്ടും കൂടുതൽ ആൾക്കാരുടെ മരണത്തിന് ടി ബി രോഗാണു കാരണമാകുകയാണ്.**

പ്രകടമാവുക. പനി, ക്ഷീണം മുതലായവയാണ് പൊതുവായ ലക്ഷണങ്ങൾ. ശ്വാസകോശ ടി ബി രോഗികൾക്ക് ചുമ, കഫക്കെട്ട്, കഫത്തിൽ രക്തം എന്നീ ലക്ഷണങ്ങൾ കാണും.

**ടി ബി രോഗ നിർണ്ണയം**



ടി ബി രോഗ നിർണ്ണയത്തിൽ ഏറ്റവും പ്രധാനമായത് രോഗാണുക്കളെ കണ്ടെത്തുക എന്നതാണ്. ശ്വാസകോശത്തെ ബാധിക്കുന്ന ടി ബി യാണ് ഏറ്റവും എളുപ്പത്തിൽ കണ്ടെത്താവുന്നത്. പരിശോധനകളിലൂടെ രോഗാണുവിനെ കണ്ടെത്താം. മറ്റുള്ള അവയവങ്ങളിലെ ടി ബി രോഗ നിർണ്ണയത്തിന്, യശീല്യ്യയാണ് നിർണായകമായത്. ചിലപ്പോൾ അണുക്കളെ ബയോപ്സിയിലൂടെ കണ്ടെത്താൻ സാധിക്കും. ചില സന്ദർശനങ്ങളിൽ എക്സ് റേ, സ്കാൻ തുടങ്ങിയ പരിശോധനകളിലൂടെയും കണ്ടെത്താം.

**ടി ബി ചികിത്സ**

രോഗനിർണയം ചെയ്തു കഴിഞ്ഞാൽ കൃത്യമായിട്ടുള്ള ചികിത്സ ലഭ്യമാണ്. ഏറ്റവും കുറഞ്ഞത് ആറുമാസം മരുന്നുകൾ കഴിക്കേണ്ടി വരും. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ലോകത്താകമാനം ഏറ്റവും കൂടുതൽ മരണത്തിന് കാരണമാകുന്ന ഇൻഫക്ഷസ് ഡിസീസ് എന്നതിനാൽ, നാഷണൽ പ്രോഗ്രാം വഴി എല്ലാവർക്കും സൗജന്യമായി വിതരണം ചെയ്തുകൊണ്ട് വളരെ കൃത്യമായിട്ട് ചികിത്സിക്കുന്നതിനും, നിരീക്ഷിക്കുന്നതിനും സാധിക്കുന്നുണ്ട്.

കഴിക്കാൻ ബുദ്ധിമുട്ടുള്ള മരുന്നുകൾ ആണെങ്കിലും, പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന രോഗമായതിനാൽ കൃത്യമായ അളവിൽ കൃത്യമായ സമയത്ത് മരുന്നു കഴിച്ച് രോഗം ഭേദമാക്കാവുന്നതാണ്.

**ടി ബി രോഗ ചികിത്സയിലെ വെല്ലുവിളിയും മുന്നേറ്റവും**

ടി ബി രോഗ ചികിത്സയിലെ ഏറ്റവും മുഖ്യമായ പ്രശ്നം എന്നുള്ളത് മരുന്നു ഫലിക്കാതെ വരുന്ന അവസ്ഥയാണ്. അതായത് എല്ലാ മരുന്നുകളും ഫലിക്കാതെ വരുന്ന അവസ്ഥ അഥവാ ഡ്രഗ് റസിസ്റ്റൻസ് ട്യൂബെർക്കുലോസിസ് എന്നതാണ്. ചില മരുന്നുകൾ മാത്രം ഫലിക്കുകയും ചില മരുന്നുകൾ ഫലിക്കാതിരിക്കുകയും ചെയ്യുമ്പോൾ ടി ബി ചികിത്സ വളരെയധികം ബുദ്ധിമുട്ടാവുകയും, വളരെ കാലം മരുന്ന് കഴിക്കേണ്ട ഒരു അവസ്ഥയിലേക്കെത്തുകയും ചെയ്യുന്നു. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് ചോദിച്ചാൽ ടി ബി രോഗം ആദ്യമായി നിർണ്ണയിച്ച ശേഷം മരുന്നുകൾ കൃത്യമായി കഴിക്കാത്തതുകൊണ്ടും, ഡോസുകൾ പൂർത്തിയാക്കാത്തതുകൊണ്ടുമാണ് സംഭവിക്കുന്നത്. അതുപോലെ തന്നെ ഇങ്ങനെ ഡ്രഗ് റസിസ്റ്റൻസ് ട്യൂബർക്കുലോസിസ് എന്ന അവസ്ഥയിലുള്ള ആളുകളിൽനിന്നും മറ്റുള്ളവരിലേക്കു പകരുമ്പോൾ ഈ റെസിസ്റ്റന്റ് ബാസ്സിലി അണുവിനെ നശിപ്പിക്കാൻ കഴിയാതെ വരുന്നു. ഇത്തരം ആൾക്കാരുടെ ചികിത്സ വളരെ കാലം നീണ്ടുനിൽക്കുന്ന ചികിത്സയിലൂടെ ഇല്ലാതാക്കാവുന്നതാണ്. പുതുതായിട്ട് വന്നിരിക്കുന്ന ചില മരുന്നുകൾ ഉപയോഗിച്ച് ഈ ചികിത്സാരീതിയും ഇപ്പോൾ വളരെ ഫലപ്രദമായിട്ടുണ്ട് ആറുമാസത്തെയും ഒരു വർഷത്തെയും ചികിത്സകൊണ്ട് നമുക്ക് ഡ്രഗ് റസിസ്റ്റൻസ് ട്യൂബെർക്കുലോസിസ് രോഗികളെയും ഫലപ്രദമായി ചികിത്സിക്കാം.ലോകത്തുനിന്നും ടി ബി 2030 ആകുമ്പോഴേക്കും നിർമ്മാർജ്ജനം ചെയ്യാൻ പറ്റുമെന്നുള്ളതാംണ് ണഒഛ യുടെ ലക്ഷ്യം. രോഗലക്ഷണങ്ങൾ ഉള്ള ആൾക്കാർ കൃത്യമായ പരിശോധനയിലൂടെ കൃത്യസമയത്ത് രോഗം നിർണ്ണയിച്ച് കൃത്യമായ കാലയളവിൽ കൃത്യമായി മരുന്നു കഴിച്ചാൽ പൂർണമായും ചികിത്സിച്ചു മാറ്റാൻ പറ്റുന്ന ഒരു അസുഖം ആണ് ക്ഷയം അഥവാ ടി ബി രോഗം.

# പോളിക്യാബിന്റെ അഡ്വാൻസ്ഡ് ബിഎൽഡിസി ഫാൻ വിപണിയിൽ

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ ഉത്പന്ന നിർമ്മാണ കമ്പനിയായ പോളിക്യാബ് ഇൻഡ്യ ലിമിറ്റഡ് സൈലെൻസിയോ മിനി അഡ്വാൻസ്ഡ് ബിഎൽഡിസി ഫാൻ വിപണിയിലെത്തിച്ചു. 65 ശതമാനം വരെ വൈദ്യുതി സംരക്ഷിക്കാൻ സഹായിക്കുന്ന അഡ്വാൻസ്ഡ് ബിഎൽഡിസി സാങ്കേതിക വിദ്യ സമകാലിക ഡിസൈനുമായി സംയോജിപ്പിച്ച് കുറഞ്ഞ വോൾട്ടേജിലും പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്ന രീതിയിലാണ് ഈ ഫാനുകൾ നിർമ്മിച്ചിരിക്കുന്നതെന്ന് പോളിക്യാബ് ഇൻഡ്യയുടെ എക്സിക്യൂട്ടീവ് പ്രസിഡൻറും ചീഫ് ബിസിനസ് ഓഫീസറുമായ (എഫ്എംഇജി ആൻഡ് പവർ) ഇശ്വിന്ദർ സിംഗ് ഖുരാന പറഞ്ഞു. മോട്ടോറിൻറെ ശബ്ദവും വളരെ കുറവ് മാത്രമേ അനുഭവപ്പെടുകയുള്ളൂ എന്നതാണു സൈലെൻസിയോ മിനിയുടെ പ്രത്യേകത. വാർഷിക വൈദ്യുത ബില്ലിൽ 2500 രൂപ വരെ ലാഭം ഉണ്ടാക്കാൻ സൈലെൻസിയോ മിനി അഡ്വാൻസ്ഡ് ബിഎൽഡിസി. ഫാൻ ഉപഭോക്താവിനെ സഹായിക്കും. നാചറൽ വാൽനട്ട് വുഡ്, നാചറൽ വുഡ്, ബിർകിൻ ഗോൾഡ്, കൂൾ ഗ്രേ, മാറ്റ് എക്സ്പ്രെസ്സോ ബ്രൗൺ, പേൾ ബീജ്, പേൾ ബ്രൗൺ, മാറ്റ് സാറ്റിൻ വൈറ്റ്, മാറ്റ് ബ്ലാക്ക് എന്നിങ്ങനെ ആകർഷകമായ 9 നിറങ്ങളിലും 1200 എംഎം, 900 എംഎം, 600 എംഎം, എന്നീ സൈസുകളിലും സൈലെൻസിയോ മിനി ലഭ്യമാണ്. 3200 മുതൽ 4500 രൂപ വരെയാണ് വില.ഊർജ്ജ ക്ഷമതയിൽ പോളിക്യാബ് നിലനിർത്തുന്ന പ്രതിബദ്ധത ഊട്ടിഉറപ്പിക്കുന്നതാണ് സൈലെൻസിയോ മിനി അഡ്വാൻസ്ഡ് ബിഎൽഡിസി ഫാനിന് കിട്ടിയിട്ടുള്ള 5 സ്റ്റാർ ബിഇഇ റേറ്റിംഗ്. ആർഎഫ് പോയിൻറ് എനിവെയർ റിമോട്ടുമായാണ് സൈലെൻസിയോ മിനി വരുന്നത്. ഫാൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തു നിന്നും ദൂരെ നിന്നുകൊണ്ടും ഫാൻ പ്രവർത്തിപ്പിക്കാവുന്ന പുതിയ സാങ്കേതിക വിദ്യയാണ് ഇത്. ഒറ്റ റിമോട്ട് ഉപയോഗിച്ച് 50 ഫാൻ വരെ പ്രവർത്തിപ്പിക്കാൻ കഴിയും എന്നതാണ് ഇതിൻറെ മറ്റൊരു പ്രത്യേകത.



പോളിക്യാബിൻറെ റൂർക്കിയിലെ നിർമ്മാണ കേന്ദ്രത്തിലാണ് സൈലെൻസിയോ മിനി നിർമ്മിക്കുന്നത്. ഉന്നതഗുണമേന്മയോടെയാണ് സൈലെൻസിയോ മിനി ബിഎൽഡിസി ഫാൻ നിർമ്മിക്കുന്നത്. മറ്റ് പ്രീമിയം ഫാനുകളേക്കാൾ 50 ശതമാനം അധിക വാറൻറി പോളിക്യാബ് ഉറപ്പ് നൽകുന്നുണ്ട്. മൂന്ന് വർഷത്തെ പ്രൊഡക്ട് വാറൻറിയോടൊപ്പം രജിസ്ട്രേഷൻ സമയത്ത് ഒരു വർഷത്തെ അധിക വാറൻറിയും ഇതിനുണ്ട്. ആകെ നാല് വർഷത്തെ വാറൻറിയും കൂടാതെ 10,000 രൂപയുടെ ലാഭവും വാറൻറി കാലയളവിൽ പോളിക്യാബ് ഉപഭോക്താവിന് ഉറപ്പുതരുന്നു.ഊർജ്ജ ക്ഷമതയുള്ള ഇലക്ട്രിക്കൽ സൊല്യൂഷൻസ് ലഭ്യമാക്കുന്നതിൽ പോളിക്യാബിൻറെ പ്രതിബദ്ധതയാണ് പോളിക്യാബ് സൈലെൻസിയോ മിനി ബിഎൽഡിസി പുറത്തിറക്കിയതിലൂടെ വ്യക്തമാകുന്നതെന്ന് ഇശ്വിന്ദർ സിംഗ് ഖുരാന പറഞ്ഞു. ഏതൊരു വീടിൻറെയും മനോഹാരിതയ്ക്ക് മാറ്റ് കൂട്ടുന്ന രീതിയിൽ ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യയും ഡിസൈനുമാണ് സൈലെൻസിയോ മിനിക്ക് സ്വീകരിച്ചിരിക്കുന്നത്.

കുറഞ്ഞ ഊർജ്ജം ഉപയോഗിച്ച് കൂടുതൽ കാറ്റ് ലഭ്യമാക്കുന്ന ബൂസ്റ്റ്++ സാങ്കേതിക വിദ്യയാണ് പോളിക്യാബ് ബിഎൽഡിസി ഫാനുകളുടെ പ്രത്യേകത. കൂടാതെ സൗജന്യ ഇൻസ്റ്റലേഷനും മികച്ച കസ്റ്റമർ കെയറും പോളിക്യാബ് ഉറപ്പുവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

# പി എൻ ഗാഡ്ഗിൽ ജ്വല്ലേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മഹാരാഷ്ട്രയിലെ ഏറ്റവും വലിയ രണ്ടാമത്തെ ജ്വല്ലറി കമ്പനിയായ പി എൻ ഗാഡ്ഗിൽ ജ്വല്ലേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 1100 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.ഓഹരി ഒന്നിന് 10 രൂപ മുഖവിലയുള്ള 850 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 250 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, ബിഒബി ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## മാലിന്യ നീക്കത്തിന് 15 കവചിത വാഹനങ്ങൾകൂടി

**കൊച്ചി:** മാലിന്യ നീക്ക വാഹനങ്ങളിൽ നിന്ന് റോഡിലേക്ക് മലിനജലം ഒഴുകിവീഴുന്നത് ഹൈക്കോടതിയുടേത് അടക്കം വിമർശനങ്ങൾക്കും കേസിനും കാരണമായ പശ്ചാത്തലത്തിൽ മാലിന്യ നീക്കത്തിന് നഗരത്തിൽ കൂടുതൽ കവചിത വാഹനങ്ങൾ വരുന്നു.കൊച്ചി കോർപറേഷനു വേണ്ടി 15 കോംപാക്ടർ വാഹനങ്ങൾ വാങ്ങാനൊരുങ്ങുകയാണ് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്. രണ്ടാംഘട്ട ടെണ്ടറിൽ ഒരു കമ്പനി താൽപ്പര്യപത്രം നൽകിയതായാണ് വിവരം. പുതിയ 15 വാഹനങ്ങൾ കൂടി എത്തുന്നതോടെ കൊച്ചി കോർപറേഷൻറെ കീഴിൽ മാലിന്യനീക്കം നടത്തുന്ന കവചിത വാഹനങ്ങളുടെ എണ്ണം 30 ആകും. നിലവിൽ മാലിന്യം ശേഖരിച്ച് ബ്രഹ്മപുരത്ത് എത്തിച്ചുകൊണ്ടിരിക്കുന്ന 15 വാഹനങ്ങളുടെ നടത്തിപ്പും മെയിൻറനൻസും പുതിയ കരാർ കമ്പനിക്ക് നൽകാനുള്ള നിർദേശം ഇന്നലെ കൗൺസിൽ അംഗീകരിച്ചു.




# ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ: ടാറ്റ എച്ച്പിസിഎല്ലുമായി ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് രാജ്യത്ത് പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. എച്ച്പിസിഎല്ലിന്റെ വ്യാപകമായ ഇന്ധന സ്റ്റേഷൻ ശൃംഖലയെ പ്രയോജനപ്പെടുത്തുന്നതിനും 1.2 ലക്ഷത്തിലധികം ടാറ്റാ ഇലക്ട്രിക് വാഹന ഉടമകൾ സ്ഥിരം സന്ദർശിക്കാറുള്ള സ്ഥലങ്ങളിൽ ചാർജറുകൾ സ്ഥാപിക്കുന്നതിനും ഈ ധാരണ സഹായമാകും. ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനായി ചാർജർ ഉപയോഗത്തെക്കുറിച്ചുള്ള വിശദാംശങ്ങളും എച്ച്പിസിഎൽ ശേഖരിക്കും.എച്ച്പിസിഎൽ രാജ്യത്താകമാനം ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകളടക്കം 3,050 ഇ വി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 21,500 ലധികം ഇന്ധന സ്റ്റേഷനുകളുള്ള വിപുലമായ രാജ്യവ്യാപക ശൃംഖലയാണ് എച്ച് പി സിഎല്ലിനുള്ളത്. 2024 ഡിസംബറോടെ 5,000 ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതിന് ആനുപാതികമായി രാജ്യത്ത് വ്യാപകമായി ആശ്രയിക്കാൻ സാധിക്കുന്ന ചാർജിംഗ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകേണ്ടത് നിർണായക ഘടകമാണെന്ന് ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെയും ടാറ്റാ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡിന്റെയും ചീഫ് സ്ട്രാറ്റജി ഓഫീസറായ ബാലാജെ രാജൻ പറഞ്ഞു. ഇന്ത്യയുടെ ഇലക്ട്രിക് വാഹന ആവാസവ്യവസ്ഥയ്ക്ക് കരുത്ത് പകരുന്നതിനും എച്ച്പിസിഎല്ലുമായുള്ള ഈ ധാരണ ഗുണം ചെയ്യും. ഉപഭോക്തൃ അടിത്തറ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനം സുഗമമാക്കുന്നിനും ഈ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഇലക്ട്രിക് വാഹന ഉപയോഗത്തെ സംബന്ധിച്ചും എച്ച്പിസിഎല്ലിന്റെ രാജ്യവ്യാപകമായ ശൃംഖലയെക്കുറിച്ചുമുള്ള ടിപിഇഎമ്മിന്റെ വിപുലമായ ദീർഘവീക്ഷണത്തിലൂടെ രാജ്യത്തെ ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചറിനെ മാറ്റിമറിയ്ക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.